# പള്ളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ നടപടിക്രമം

(ഹാജർ : രാഹുൽ ജി കൃഷ്ണൻ )

വിഷയം – പള്ളം ബ്ലോക്ക് പഞ്ചായത്ത് – ജീവനക്കാര്യം- ശ്രീമതി. വിദ്യ വി.എസ്, ഓഫീസ് അറ്റൻഡന്റിനെ ജോലിയിൽ പ്രവേശിപ്പിച്ചും ശ്രീമതി. സൌമ്യ എസ്, നെ വിട്ടുതൽ ചെയ്തു കൊണ്ടും ഉത്തരവാകുന്നത്- സംബന്ധിച്ച്

പരാമർശം –1) ബഹു. തദ്ദേശസ്വയംഭരണവകുപ്പ് ജോയിന്റ് ഡയറക്ടർ, കോട്ടയത്തിന്റെ 21/08/2026 തീയതിയിലെ LSGD/JD/KTM/3625/2026- A2 നമ്പർ ഉത്തരവ്

2) കോട്ടയം നഗരസഭാ സെക്രട്ടറിയുടെ 31/08/2026 തീയതിയിലെ G1 – 6908550/2026 നമ്പർ ഉത്തരവ്

3) ശ്രീമതി . വിദ്യ വി.എസ്, ഓഫീസ് അറ്റൻഡന്റിന്റെ 01/09/2026 തീയതിയിലെ സമർപ്പണം

## ഉത്തരവ് നമ്പർ - എ 5191322 - 2026 തീയതി : 01/09/2026

പരാമർശം (1) പ്രകാരം കോട്ടയം നഗരസഭയിലെ ഓഫീസ് അറ്റൻഡന്റായ ശ്രീമതി. വിദ്യ വി.എസ് നെ പള്ളം ബ്ലോക്ക് പഞ്ചായത്തിലേക്കും ഈ ഓഫീസിലെ ഓഫീസ് അറ്റൻഡന്റായ ശ്രീമതി. സൌമ്യ എസ് നെ തദ്ദേശ സ്വയംഭരണ വകുപ്പ് കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലേക്കും സ്ഥലംമാറ്റം നൽകി ഉത്തരവായിട്ടുള്ളതാണ്. പരാമർശം (2) പ്രകാരം ശ്രീമതി. വിദ്യ വി എസ് കോട്ടയം നഗരസഭയിൽ നിന്നും വിട്ടുതൽ ചെയ്തിട്ടുള്ളതും പരാമർശം (3) പ്രകാരം ടിയാൾ 01/09/2026 തീയതിയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് ഹാജരായിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ ശ്രീമതി. വിദ്യ വി എസ് (G 72913) 01/09/2026 തീയതി പൂർവ്വാഹ്നം പ്രാബല്യത്തിൽ ജോലിയിൽ പ്രവേശിപ്പിച്ചും ഈ ഓഫീസിലെ ഓഫീസ് അറ്റൻഡന്റായ ശ്രീമതി. സൌമ്യ എസ് നെ വിട്ടുതൽ ചെയ്തും ഉത്തരവാകുന്നു. ശ്രീമതി. സൌമ്യ എസ്, യഥാസമയം ബഹു തദ്ദേശസ്വയംഭരണ വകുപ്പ് കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടർ മുമ്പാകെ ജോലിക്ക് ഹാജരായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

സെക്രട്ടറി
പള്ളം ബ്ലോക്ക് പഞ്ചായത്ത്

പകർപ്പ്-

1 ബന്ധപ്പെട്ട ഉദ്യോഗസ്ഥർ

2 ബഹു. ജോയിന്റ് ഡയറക്ടർ, കോട്ടയം (ആമുഖ കത്ത് സഹിതം ജോയിനിംഗ്റിപ്പോർട്ട് ലഭ്യമാക്കുന്നതിന് )

3. സെക്രട്ടറി, കോട്ടയം നഗരസഭ ( സേവനപുസ്തകം, LPC എന്നിവ ലഭ്യമാക്കുന്നതിനായി)

4. കരുതൽ ഫയൽ